പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **T 5916** **07. 07. 2014 -** ലെ മറുപടി

<u>ഇറാഖിൽ കുടുങ്ങിപ്പോയിട്ടുള്ള മലയാളികളുടെ സുരക്ഷ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഇറാഖിൽ നടക്കുന്ന ആഭ്യന്തര യുദ്ധത്തെ തുടർന്ന് ഇറാഖിൽ കുടുങ്ങിപ്പോയിട്ടുള്ള മലയാളികളുടെ സുരക്ഷയ്ക്കായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ;<br><br>(ബി ) എത്ര മലയാളികളാണ് ഇറാഖിൽ ഇപ്പോൾ കുടുങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(സി) സംസ്ഥാന സർക്കാർ വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം ; ഇറാഖിൽപ്പെട്ടുപോയവരുടെ നാട്ടിലുള്ള ബന്ധുക്കളുടെ ആശങ്കയകറ്റാൻ നടപടികൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | (എ, ബി & സി) വിദേശ രാജ്യങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇടപെടുന്നതിന് പരിമിതികളുണ്ട്. ബന്ധപ്പെട്ട രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയവും കേന്ദ്ര വിദേശകാര്യമന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടികൾ കൈക്കൊള്ളുകയാണ് സംസ്ഥാന സർക്കാരിന്റെ മുന്നിലുള്ള മാർഗ്ഗം. ഇറാഖിൽ ആഭ്യന്തര യുദ്ധം രൂക്ഷമായ സാഹചര്യത്തിൽ അവിടെയകപ്പെട്ട കേരളീയരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരെ അടിയന്തിരമായി നാട്ടിലെത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ആദ്യം മുതൽ തന്നെ ബഹു. മുഖ്യമന്ത്രി കത്ത് മുഖേനയും ടെലിഫോണിലൂടെയും ബഹു. പ്രധാനമന്ത്രിയുടെയും ബഹു. വിദേശകാര്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ബാഗ്ദാദിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് നോർക്ക വകുപ്പ് സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർ നടപടി എന്ന നിലയിൽ 24 മണിക്കൂറും സജീവമായ ഹെൽപ് ലൈൻ സംവിധാനം നോർക്ക – റൂട്ട്സിൽ ഏർപ്പെടുത്തുകയും ചെയ്തു. ഈ ഹെൽപ് ലൈനിലൂടെ ഇതുവരെ 284 പേർ |

രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇറാഖിലെ വിവിധ മേഖലകളിൽ കുടുങ്ങിക്കിടക്കുന്ന മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാരെ അടിയന്തിരമായി തിരികെയെത്തിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഇവരിൽ ആവശ്യമായ യാത്രാരേഖയില്ലാത്തവരുടെ രേഖകൾ അടിയന്തിരമായി ശരിയാക്കുന്നതിനും അവർക്ക് രാജ്യം വിടുന്നതിനുള്ള അനുമതി ഉൾപ്പെടെ ലഭ്യമാക്കി ആവശ്യമെങ്കിൽ പ്രത്യേക വിമാനം ഏർപ്പാട് ചെയ്ത് അവരെ നാട്ടിലെത്തിക്കുന്നതിനും അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇതുകൂടാതെ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം ഡൽഹിയിൽ വിദേശകാര്യ മന്ത്രിയുമായും മറ്റ് ബന്ധപ്പെട്ടവരുമായും നിരന്തരമായി നടത്തിയ ചർച്ചകളുടേയും ഇടപെടലുകളുടേയും ഫലമായി ഇറാഖിലെ സംഘർഷ മേഖലയായ തിക്രത്തിൽ കുടുങ്ങിയ 45 മലയാളി നഴ്സുമാരെ പ്രത്യേക വിമാനത്തിൽ ജൂലൈ 5 – ന് നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടേയും ഇറാഖിലെ ഇന്ത്യൻ നയതന്ത്രകാര്യാലയത്തിന്റെയും നിരന്തരമായ പരിശ്രമവും നയതന്ത്രതലത്തിലും അല്ലാതെയും നടത്തിയ ഇടപെടലുകളും മൂലമാണ് ഇവരെ സുരക്ഷിതരായി നാട്ടിലെത്തിക്കാൻ കഴിഞ്ഞത്.

സെക്ഷൻ ഓഫീസർ